Lalith Babu

# അറ്റസ്റ്റേഷൻ

ഒരാൾ ഒരു സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്യാൻ വന്നു. അയാൾ കൊണ്ടുവന്ന സർട്ടിഫിക്കേറ്റിൽ പറയുന്ന കോഴ്സിനെക്കുറിച്ച് ഓഫീസർ കേട്ടിട്ടുപോലുമില്ലാതിരുന്നതിനാൽ അറ്റസ്റ്റ് ചെയ്യാൻ വിസമ്മതിച്ചു. അറ്റസ്റ്റ് ചെയ്യാതിരുന്നതിന് അടിസ്ഥാനമാക്കിയ നിയമം സംബന്ധിച്ച രേഖകളുടെ പകർപ്പ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അയാൾ ഒരു വിവരാവകാശ അപേക്ഷ സമർപ്പിച്ചു

അറ്റസ്റ്റ് സംബന്ധിച്ച സർക്കുലറിൽ പറയുന്നത് "to attest true copies of original documents". എന്നാണ്. അറ്റസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥൻ ഒരു രേഖയുടെ ശരിപകർപ്പ് (true copy) ആണ് സാക്ഷ്യപ്പെടുത്തി നൽകുന്നത്. അതിലെ ഉള്ളടക്കത്തിലെ സാധുതയല്ല.

ഉദാ:–

ഒരു വില്ലേജ് ഓഫീസർ നൽകിയ ജാതി സർട്ടിഫിക്കേറ്റ് മറ്റൊരു ജില്ലയിലെ ഗസറ്റഡ് ഓഫീസർ മുമ്പാകെ അറ്റസ്റ്റ് ചെയ്യാൻ ഒരാൾ കൊണ്ടുവരുന്നു എന്നു കരുതുക. ഈ ഗസറ്റഡ് ഓഫീസർക്ക് എങ്ങനെ ഉറപ്പാക്കാൻ കഴിയും സർട്ടിഫിക്കേറ്റിൽ പറയുന്ന ജാതി തന്നെയാണ് ഇയാൾക്കെന്ന്. ഗസറ്റഡ് ഓഫീസർ സർട്ടിഫിക്കേറ്റിന്റെ ശരിപകർപ്പ് ആണ് സാക്ഷ്യപ്പെടുത്തുന്നത്. അല്ലാതെ ആ സർട്ടിഫിക്കേറ്റിലെ ജാതിയല്ല. സർട്ടിഫിക്കേറ്റിൽ രേഖപ്പെടുത്തിയ ജാതി തെറ്റായിരുന്നുവെങ്കിൽ അതിന് വിശദീകരണം നൽകേണ്ടത് അത് നൽകിയ ഓഫീസറാണ്. അത് അറ്റസ്റ്റ് ചെയ്ത ഗസറ്റഡ് ഓഫീസറല്ല. ഉള്ളടക്കത്തിലുള്ള സാധുത പരിശോധിച്ച് അത് ശരിയാണെന്ന് ബോധ്യപ്പെട്ട ശേഷമേ അറ്റസ്റ്റ് ചെയ്യാൻ പാടുള്ളൂ എന്നു വന്നാൽ ബുദ്ധിമുട്ടാകും

വിവരാവകാശ നിയമപ്രകാരം ഒരു ഓഫീസിൽ നിന്ന് നൽകുന്ന സെർട്ടിഫൈഡ് കോപ്പിയും ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകുന്ന ശരി പകർപ്പും തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. പ്രധാന വ്യത്യാസം താഴെ കൊടുക്കുന്നു.

| | വിവരാവകാശ നിയമപ്രകാരം നൽകുന്ന സർട്ടിഫൈഡ് പകർപ്പ് | ഗസറ്റഡ് ഉദ്യോഗസ്ഥൻ അറ്റസ്റ്റ് ചെയ്തു നൽകുന്ന കോപ്പി. |
|---|---|---|
| ഒറിജിനൽ രേഖയുടെ കൈവശക്കാരൻ | രേഖ സൂക്ഷിക്കുവാൻ ചുമതലപ്പെട്ട ബന്ധപ്പെട്ട ഓഫീസിലെ ഉദ്യോഗസ്ഥൻ | രേഖയുടെ ഒറിജിനൽ അത് കൊണ്ടു വരുന്ന ആളാണു സൂക്ഷിക്കുന്നത്. |
| രേഖയുടെ ആധികാരികത/സാധുതയെക്കുറിച്ചുള്ള അറിവ് | സർട്ടിഫൈ ചെയ്യുന്ന ഉദ്യോഗസ്ഥന് ഒറിജിനൽ രേഖയുടെ ആധികാരികത/സാധുതയെക്കുറിച്ച് അറിവുണ്ടായിരിക്കും | രേഖയുടെ ആധികാരികത/സാധുതയെക്കുറിച്ച് അറ്റസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥന് അറിവുണ്ടയിരിക്കണമെന്നില്ല. |
| നിയമം | Section 2(j)(ii) of Right to Information Act, 2005 | CIRCULAR No.3236/R1/2010/P&ARD |
| ഫീസ് | ബന്ധപ്പെട്ട അധികാരികൾ നിശ്ചയിക്കുന്ന ഫീസ് | ഫീസ് ഇല്ല |